**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1507 13/06/2014-ൽ മറുപടിയ്ക്ക്

## ജൈവകൃഷി സമ്പ്രദായം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. എൻ. എ. ഖാദർ | **ശ്രീ . കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കി വരുന്നുവെന്ന് വ്യക്തമാക്കുമോ: | എ) 2012-13 മുതൽ ജൈവ ജില്ലയായി പ്രഖ്യാപിയ്ക്കപ്പെട്ട കാസർഗോഡ് ജില്ലയിൽ കർഷകരുടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകരുടെ ഡാറ്റബേസ് തയ്യാറാക്കി മണ്ണിന്റെ പോഷക സംരക്ഷണം. ജൈവവള നിർമ്മാണം. ജൈവ രീതിയിൽ കീടനിയന്ത്രണം. ഉൽപ്പന്ന സംഭരണം. സംസ്ക്കരണം, വിപണനം. തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ജൈവകൃഷിയെ കുറിച്ചുളള ബോധവത്ക്കരണ കാമ്പയിനുകളും. കർഷക പരിശീലനങ്ങളും നടത്തുന്നു. കർഷകർ ഉത്പാദിപ്പിക്കുന്ന ജൈവ വിഭവങ്ങൾ വിപണം നടത്തുന്നതിന് 6 ഇക്കോ ഷോപ്പുകൾ ആരംഭിച്ചു. ഓരോ ഇക്കോ ഷോപ്പിനും 5 ലക്ഷം രൂപാ വീതം അനുവദിച്ചു. കാർഷിക വിളകളെ ആക്രമിക്കുന്ന കീടങ്ങളെ എതിർ പ്രാണികളെ ഉപയോഗിച്ച് നിയന്ത്രിക്കുന്നതിനുളള പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി 48 ലക്ഷം രൂപ വിനിയോഗിച്ചു. കേന്ദ്ര കിഴങ്ങു വർഗ്ഗ ഗവേഷണ കേന്ദ്രം മരച്ചീനി ഇലയിൽ നിന്നും വികസിപ്പിച്ചെടുത്ത ജൈവ കീടനാശിനികളുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിന് 15 ലക്ഷം രൂപ വിനിയോഗിച്ചു വരുന്നു. 2014-15 വർഷത്തിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സേഫ്റ്റു ഈറ്റ് എന്ന പദ്ധതിയ്ക്കുമായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ 2014 15 വാർഷിക കർമ്മ പദ്ധതി പ്രകാരം 3500 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപനവും സർട്ടിഫിക്കേഷനും പദ്ധതിയധിഷ്ടിതമായി നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. |

ഇതോടൊപ്പം 100 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകുവാനും ലക്ഷ്യമുണ്ട്.

പൈനാപ്പിൾ, ഇഞ്ചി, വാഴ, പച്ചക്കറി, കശുമാവ്, കുരുമുളക് തുടങ്ങിയ ഹോർട്ടികൾച്ചർ വിളകളെയാണ് ദേശീയ ഹോർട്ടികൾച്ചർ മിഷന്റെ ജൈവകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ബി) കേരളത്തിലാകെ എത്ര ഏക്കർ സ്ഥലത്താണ് നിലവിൽ ജൈവകൃഷി സമ്പ്രദായം നടന്നുവരുന്നത് എന്നത് സംബന്ധിച്ച കണക്കുകൾ നൽകാമോ?

ബി) കേരളത്തിൽ ആകെ 18750 ഏക്കർ സ്ഥലത്താണ് നിലവിൽ ജൈവ കൃഷി സമ്പ്രദായം നടന്നു വരുന്നത്. ജൈവ ജില്ലയായ കാസർഗോഡ് മാത്രം 15000 ഏക്കറിൽ കൃഷി വകുപ്പ് ആനുകൂല്യങ്ങളോടെ ജൈവ കൃഷി നടന്നു വരുന്നു. കുടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ സഹായത്തോടു കുടി 3750 ഏക്കറിൽ താഴെപ്പറയുന്ന ജില്ലകളിൽ ജൈവ കൃഷി ചെയ്യുന്നു.

| ക്രമ നം | ജില്ല | വിസ്തീർണ്ണം (ഏക്കർ) |
|---|---|---|
| 1. | ഇടുക്കി | 1250 |
| 2. | വയനാട് | 1500 |
| 3. | കോഴിക്കോട് | 375 |
| 4. | മലപ്പുറം | 625 |
| | ആകെ | 3750 |

സെക്ഷൻ ഓഫീസർ